# REPORT ON AUDIO- VIDEO -PRINT ADVERTISING CAMPAIGN – 2025

The Kerala State Disaster Management Authority (KSDMA) implemented an Information, Education and Communication (IEC) initiative during 2025 through a comprehensive audio-visual and print awareness campaign across Kerala in collaboration with KSRTC bus stations, selected movie theatres, and leading print media. The campaign was executed through M/s ONECORE Marketing LLP, Qube Cinema Technologies Pvt. Ltd., UFO Moviez India Ltd., and Mathrubhumi Printing & Publishing Co. Ltd., utilising public address systems at major KSRTC bus stations, screening of approved video messages in selected theatres, and publication of advertisements in newspapers to ensure maximum public outreach.

The primary objective of the campaign was to disseminate disaster preparedness and safety awareness messages to the general public and to strengthen early warning responsiveness across the State. The programme covered 21 major KSRTC bus stations, more than 200 selected movie theatres, and the Onam Special All Kerala Edition of Mathrubhumi newspaper, thereby ensuring extensive statewide visibility and outreach to diverse sections of society.

Under the campaign, approved audio messages of 27–28 seconds duration focusing on lightning and thunder safety were broadcast multiple times daily through public address systems at selected KSRTC stations. In addition, approved 30-second video messages on drought preparedness were screened in movie theatres across Kerala. Further, colour print advertisements on Rain Alert were published in the Onam Special All Kerala Edition of Mathrubhumi to enhance public awareness during the monsoon period.

The total expenditure incurred for the campaign amounted to ₹28,00,963/- (Rupees Twenty-Eight Lakhs Nine Hundred and Sixty-Three only). The expenditure covered audio, video, and print advertising services, content handling, scheduling, broadcasting through KSRTC public address systems at 21 major stations, screening in more than 200 selected movie theatres, publication in the Onam Special All Kerala Edition of Mathrubhumi, and issuance of broadcast certification. The expenditure is considered cost-effective as the programme effectively utilised existing public infrastructure and platforms, thereby achieving extensive statewide coverage without additional capital investment.

The campaign enabled large-scale dissemination of disaster awareness messages, enhanced public preparedness on lightning safety, drought mitigation, and rain alerts, and supported KSDMA's IEC mandate in a structured and impactful manner. The initiative demonstrates a scalable, economical, and effective model for future disaster awareness campaigns across the State.

**Audio Script Used**

## സ്ക്രിപ്റ്റ് 1

തുലാവർഷത്തോടൊപ്പമെത്തുന്ന ഇടിമിന്നലുകൾ അപകടകാരികളാണ്. അവ മനുഷ്യൻറെയും മൃഗങ്ങളുടെയും ജീവനും വൈദ്യുത-ആശയവിനിമയ ശൃംഖലകൾക്കും വീട്ടുപകരണങ്ങൾക്കും വലിയ നാശനഷ്ടം സൃഷ്ടിക്കുന്നുണ്ട്.

ഇടിമിന്നലിന്റെ ആദ്യ ലക്ഷണം കണ്ടുകഴിഞ്ഞാലുടനെ സുരക്ഷിതമായ കെട്ടിടത്തിനുള്ളിലേക്ക് മാറുക. തുറസായ സ്ഥലങ്ങളിൽ തുടരുന്നത് മിന്നലേൽക്കാനുള്ള സാധ്യത വർധിപ്പിക്കും. ഇടിമിന്നലുള്ള സമയത്ത് യാതൊരു കാരണവശാലും വൃക്ഷങ്ങളുടെ ചുവട്ടിൽ നിൽക്കരുത്. വാഹനങ്ങൾ മരച്ചുവട്ടിൽ പാർക്ക് ചെയ്യുകയുമരുത്. യാത്രയിലുള്ളവർ വാഹനത്തിനകത്ത് തന്നെ തുടരുക. വാഹനത്തിനകത്ത് നിങ്ങൾ സുരക്ഷിതരായിരിക്കും. സൈക്കിൾ, ബൈക്ക്, ട്രാക്ടർ തുടങ്ങിയ വാഹനങ്ങളിലുള്ള യാത്ര ഒഴിവാക്കുകയും ഇടിമിന്നൽ അവസാനിക്കുന്നത് വരെ സുരക്ഷിതമായ കെട്ടിടത്തിൽ അഭയം തേടുകയും വേണം. മിന്നലുള്ളപ്പോൾ തുണികൾ എടുക്കാൻ ടെറസിലേക്കോ, മുറ്റത്തേക്കോ പോകരുത്. ഗൃഹോപകരണങ്ങളുടെ വൈദ്യുതി ബന്ധം വിഛേദിക്കുക.

പൊതുജന താല്പര്യാർത്ഥം കേരള സംസ്ഥാന ദുരന്ത അതോറിറ്റി

## സ്ക്രിപ്റ്റ് 2

ഇടിമിന്നലിൽനിന്ന് സുരക്ഷിതമാക്കാൻ കെട്ടിടങ്ങൾക്കു മുകളിൽ മിന്നൽ രക്ഷാ ചാലകം സ്ഥാപിക്കാം. വൈദ്യുതോപകരണങ്ങളുടെ സുരക്ഷക്കായി സർജ് പ്രൊട്ടക്ടർ ഘടിപ്പിക്കാം. ഇടിമിന്നലുള്ളപ്പോൾ അടുത്തുള്ള കെട്ടിടത്തിലേക്ക് മാറാൻ സാധിക്കാത്ത വിധത്തിൽ തുറസായ സ്ഥലത്താണങ്കിൽ പാദങ്ങൾ ചേർത്തുവച്ച് തല, കാൽ മുട്ടുകൾക്ക് ഇടയിൽ ഒതുക്കി പന്തുപോലെ ഉരുണ്ട് ഇരിക്കുക. ഇടിമിന്നലിന്റെ ആഘാതത്താൽ പൊള്ളലേൽക്കുകയോ കാഴ്ച്ചയോ കേൾവിയോ നഷ്ടമാവുകയോ ഹൃദയാഘാതം സംഭവിയ്ക്കുകയോ വരെ ചെയ്യാം. മിന്നലാഘാതം ഏറ്റ ആളിന്റെ ശരീരത്തിൽ വൈദ്യുത പ്രവാഹം ഇല്ല എന്ന് മനസ്സിലാക്കണം. അതിനാൽ മിന്നലേറ്റ ആളിന് പ്രഥമ ശുശ്രൂഷ നൽകുവാൻ മടിക്കരുത്. മിന്നലേറ്റാൽ ആദ്യ മുപ്പത്

സെക്കൻഡ് ജീവൻ രക്ഷിക്കാനുള്ള സുവർണ നിമിഷങ്ങളാണ്. മിന്നലേറ്റ ആളിന് ഉടൻ വൈദ്യ സഹായം എത്തിക്കുക.

പൊതുജന താല്പര്യാർത്ഥം കേരള സംസ്ഥാന ദുരന്ത അതോറിറ്റി

**സ്ക്രിപ്റ്റ് 3**

ഇടിമിന്നൽ ഉണ്ടാകുമ്പോൾ ജലാശയത്തിൽ മീൻ പിടിക്കാനോ കുളിക്കാനോ ഇറങ്ങുവാൻ പാടില്ല. കാർമേഘങ്ങൾ കണ്ട് തുടങ്ങുമ്പോൾ തന്നെ മത്സ്യബന്ധനം, ബോട്ടിങ് തുടങ്ങിയ പ്രവൃത്തികൾ നിർത്തി വച്ച് ഉടനെ അടുത്തുള്ള കരയിലേക്ക് എത്താൻ ശ്രമിക്കണം. ഇടിമിന്നലുള്ള സമയത്ത് ബോട്ടിന്റെ ഡെക്കിൽ നിൽക്കരുത്. ചൂണ്ടയിടുന്നതും വലയെറിയുന്നതും ഇടിമിന്നലുള്ള സമയത്ത് നിർത്തി വയ്ക്കണം. ഇടിമിന്നലുള്ള സമയത്ത് ടെലഫോൺ ഉപയോഗിക്കുന്നത് ഒഴിവാക്കണം. മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് കൊണ്ട് കുഴപ്പമില്ല. അന്തരീക്ഷം മേഘാവൃതമാണെങ്കിൽ തുറസായ സ്ഥലത്തും ടെറസിലും, കുട്ടികൾ ഉൾപ്പെടെ, കളിക്കുന്നത് ഒഴിവാക്കുക. ഇടിമിന്നലുള്ള സമയത്ത് കുളിക്കുന്നത് ഒഴിവാക്കുക. ടാപ്പുകളിൽ നിന്ന് വെള്ളം ശേഖരിക്കുന്നതും ഒഴിവാക്കുക. പൈപ്പിലൂടെ മിന്നൽ മൂലമുള്ള വൈദ്യുതി സഞ്ചരിച്ചേക്കാം.

പൊതുജന താല്പര്യാർത്ഥം കേരള സംസ്ഥാന ദുരന്ത അതോറിറ്റി

**സ്ക്രിപ്റ്റ് 4 - (Wind)**

ശക്തമായ കാറ്റിനും ഇടിമിന്നലിനും സാധ്യതയുള്ള ഘട്ടത്തിൽ ജനലും വാതിലും അടച്ചിടുക. വാതിലിനും ജനലിനും അടുത്ത് നിൽക്കാതെയിരിക്കുക. കെട്ടിടത്തിനകത്ത് തന്നെ ഇരിക്കുകയും പരമാവധി ഭിത്തിയിലോ തറയിലോ സ്പർശിക്കാതിരിക്കാൻ ശ്രമിക്കുകയും ചെയ്യുക. കാറ്റിൽ മറിഞ്ഞു വീഴാൻ സാധ്യതയുള്ള വസ്തുക്കൾ കെട്ടി വെക്കുക. കാറ്റിൽ മരങ്ങൾ കടപുഴകിയും ചില്ലകൾ ഒടിഞ്ഞു വീണും അപകടങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ട്. കാറ്റും മഴയും ഉണ്ടാകുമ്പോൾ ഒരു കാരണവശാലും മരങ്ങളുടെ ചുവട്ടിൽ നിൽക്കാനോ വാഹനങ്ങൾ പാർക്ക് ചെയ്യാനോ പാടില്ല. വീട്ടുവളപ്പിലെ മരങ്ങളുടെ അപകടകരമായ രീതിയിലുള്ള ചില്ലകൾ കോതിയൊതുക്കണം. അപകടാവസ്ഥയിലുള്ള മരങ്ങൾ പൊതുവിടങ്ങളിൽ ശ്രദ്ധയിൽ പെട്ടാൽ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കുക. കാറ്റും മഴയും ശക്തമാകുമ്പോൾ വൈദ്യുതി കമ്പികളും പോസ്റ്റുകളും പൊട്ടിവീഴാനുള്ള സാധ്യത കൂടുതലാണ്. ഇത്തരത്തിൽ ഏതെങ്കിലും അപകടം ശ്രദ്ധയിൽ പെട്ടാൽ ഉടൻ തന്നെ KSEB - യുടെ 1912 എന്ന കൺട്രോൾ റൂമിലോ 1077 എന്ന നമ്പറിൽ ജില്ലാ ദുരന്ത

നിവാരണ അതോറിറ്റിയുടെ കൺട്രോൾ റൂമിലോ വിവരം അറിയിക്കുക.

പൊതുജന താല്പര്യാർത്ഥം കേരള സംസ്ഥാന ദുരന്ത അതോറിറ്റി

**KaWaCHaM**

**സ്ക്രിപ്റ്റ് 5**

ദുരന്ത സാധ്യത മുന്നറിയിപ്പുകൾ പൊതുജനങ്ങളിലേക്ക് വേഗത്തിലും കാര്യക്ഷമമായും എത്തിക്കുന്നതിനായി കേരളത്തിലുടനീളം തിരഞ്ഞെടുത്ത 126 ഇടങ്ങളിൽ സൈറണുകളും സ്ട്രോബ് ലൈറ്റുകളും സ്ഥാപിച്ചിരിക്കുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കവചം സംവിധാനത്തിൻറെ ഭാഗമായി സ്ഥാപിച്ച സൈറണുകളിലൂടെ മഴ മുന്നറിയിപ്പുകൾ, മറ്റ് അടിയന്തര നിർദേശങ്ങൾ എന്നിവ ജനങ്ങൾക്ക് കൈമാറും. ലൊക്കേഷൻ ബേസ്ഡ് SMS, സാമൂഹിക മാധ്യമ ശ്രിംഖലകൾ, സാചേത് മൊബൈൽ ആപ്ലികേഷൻ എന്നിവക്ക് പുറമെയാണ് സൈറണുകൾ വഴിയും മുന്നറിയിപ്പുകൾ നൽകുന്നത്. ജില്ലയിൽ റെഡ്, ഓറഞ്ച് അലെർട്ടുകൾ പ്രഖ്യാപിക്കപ്പെട്ടാൽ സൈറണുകൾ മുഴങ്ങും. സൈറണുകൾ വഴി ജനങ്ങൾക്കുള്ള നിർദേശങ്ങൾ അനൗൺസ് ചെയ്യാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. പൊതുജനതാല്പര്യാർത്ഥം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.

**സ്ക്രിപ്റ്റ് 6**

(സൈറണ് കോഡ് - റെഡ്) അതിതീവ്ര മഴക്കുള്ള സാധ്യത അഥവാ റെഡ് അലേർട്ട് പ്രഖ്യാപിക്കപ്പെട്ട ജില്ലയിൽ മുഴങ്ങുന്ന സൈറൺ ശബ്ദമാണ് നിങ്ങളിപ്പോൾ കേട്ടത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ദുരന്ത സാധ്യത മുന്നറിയിപ്പ് സംവിധാനമായ കവചം വഴി സ്ഥാപിക്കപ്പെട്ടിട്ടുള്ള സൈറണുകൾ വഴി മഴ മുന്നറിയിപ്പുകളും മറ്റ് അടിയന്തര നിർദേശങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നു. ഒരു ജില്ലയിൽ റെഡ് അലേർട്ട് പ്രഖ്യാപിക്കപ്പെട്ടാൽ വൈകീട്ട് 3.30 നും 4 നും ഇടയിൽ 30 സെക്കന്റ് നേരം സൈറണുകൾ മുഴങ്ങും. സൈറൺ ശബ്ദത്തോടൊപ്പം എമെർജൻസി ഓപ്പറേഷൻസ് സെന്ററിൽ നിന്നുള്ള സന്ദേശം അനൗൺസ്മെന്റ് ആയും നൽകുന്നതാണ്. റെഡ് സൈറൺ ശബ്ദം കേൾക്കുന്നവർ ദുരന്ത സാധ്യതയുള്ളയിടങ്ങളിലാണ് താമസിക്കുന്നതെങ്കിൽ അധികാരികളുടെ നിർദേശ പ്രകാരം സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി പ്രദേശത്ത് സജ്ജീകരിക്കപ്പെട്ടിരിക്കുന്ന ക്യാമ്പുകളിലേക്ക് മാറേണ്ടതാണ്. സുരക്ഷാ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരിഭ്രാന്തരാകാതെ തയ്യാറെടുപ്പുകൾ

പൂർത്തീകരിക്കാനും സുരക്ഷാനിർദേശങ്ങൾ വീട്ടിലെ എല്ലാവരുമായും പങ്ക് വെക്കാനും മുന്നറിയിപ്പിനെ ഉപയോഗപ്പെടുത്തണം.

പൊതുജന താല്പര്യാർത്ഥം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

**സ്ക്രിപ്റ്റ് 7**

(സൈറണ് കോഡ് - ഓറഞ്ച്) അതിശക്തമായ മഴക്കുള്ള സാധ്യത അഥവാ ഓറഞ്ച് അലേർട്ട് പ്രഖ്യാപിക്കപ്പെട്ട ജില്ലയിൽ മുഴങ്ങുന്ന സൈറൺ ശബ്ദമാണ് നിങ്ങളിപ്പോൾ കേട്ടത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ദുരന്ത സാധ്യത മുന്നറിയിപ്പ് സംവിധാനമായ കവചം വഴി സ്ഥാപിക്കപ്പെട്ടിട്ടുള്ള സൈറണുകൾ വഴി മഴ മുന്നറിയിപ്പുകളും മറ്റ് അടിയന്തര നിർദേശങ്ങളും ജനങ്ങളിലേക്ക് എത്തിക്കുന്നു. ഒരു ജില്ലയിൽ ഓറഞ്ച് അലേർട്ട് പ്രഖ്യാപിക്കപ്പെട്ടാൽ വൈകീട്ട് 4 നും 4.30 നും ഇടയിൽ 30 സെക്കന്റ് നേരം സൈറണുകൾ മുഴങ്ങും. സൈറൺ ശബ്ദത്തോടൊപ്പം എമെർജൻസി ഓപ്പറേഷൻസ് സെന്ററിൽ നിന്നുള്ള സന്ദേശം അനൗൺസ്മെന്റ് ആയും നൽകുന്നതാണ്. ഓറഞ്ച് സൈറൺ ശബ്ദം കേൾക്കുന്നവർ ദുരന്ത സാധ്യതയുള്ളയിടങ്ങളിലാണ് താമസിക്കുന്നതെങ്കിൽ ഒരു എമെർജൻസി കിറ്റ് തയ്യാറാക്കി വെക്കണം.

പരിഭ്രാന്തരാകാതെ തയ്യാറെടുപ്പുകൾ പൂർത്തീകരിക്കാനും സുരക്ഷാനിർദേശങ്ങൾ വീട്ടിലെ എല്ലാവരുമായും പങ്ക് വെക്കാനും മുന്നറിയിപ്പിനെ ഉപയോഗപ്പെടുത്തണം.

പൊതുജന താല്പര്യാർത്ഥം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

**സ്ക്രിപ്റ്റ് 8**

കേന്ദ്ര കാലാവസ്ഥ വകുപ്പ് മഴ സാധ്യത മുന്നറിയിപ്പുകളായ റെഡ്, ഓറഞ്ച് അലെർട്ടുകൾ പ്രഖ്യാപിച്ചാൽ ദുരന്ത നിവാരണ അതോറിറ്റിയുടെ സൈറൺ മുഴങ്ങും. ലൊക്കേഷൻ ബേസ്ഡ് SMS, സാമൂഹിക മാധ്യമ ശ്രിംഖലകൾ, സാഷേത് മൊബൈൽ ആപ്ലികേഷൻ എന്നിവക്ക് പുറമെയാണ് സൈറണുകൾ വഴിയും മുന്നറിയിപ്പുകൾ ജനങ്ങൾക്കായി നൽകുന്നത്. റെഡ്, ഓറഞ്ച് അലേർട്ട് പ്രഖ്യാപിക്കപ്പെടുന്ന സാഹചര്യങ്ങളിൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദ്ദേശാനുസരണം സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറി താമസിക്കണം. ശക്തമായ മഴ പെയ്യുന്ന സാഹചര്യത്തിൽ ഒരു കാരണവശാലും നദികൾ മുറിച്ചു കടക്കാനോ, നദികളിലോ മറ്റ് ജലാശയങ്ങളിലോ കുളിക്കാനോ മീൻപിടിക്കാനോ മറ്റ് ആവശ്യങ്ങൾക്കോ ഇറങ്ങാൻ പാടുള്ളതല്ല. ജലാശയങ്ങൾക്ക് മുകളിലെ മേൽപ്പാലങ്ങളിൽ കയറി കാഴ്ച കാണുകയോ സെൽഫി എടുക്കുകയോ കൂട്ടം കൂടി നിൽക്കുകയോ ചെയ്യാൻ പാടുള്ളതല്ല. മഴ ശക്തമാകുന്ന അവസരങ്ങളിൽ

അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കുക. വെള്ളച്ചാട്ടങ്ങൾ, ജലാശയങ്ങൾ, മലയോര മേഖലകൾ എന്നിവിടങ്ങളിലേക്കുള്ള വിനോദ യാത്രകൾ മഴ മുന്നറിയിപ്പ് മാറുന്നത് വരെ പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്.

പൊതുജനതാല്പര്യാർത്ഥം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.

**സ്ക്രിപ്റ്റ് 9**

കേന്ദ്ര കാലാവസ്ഥ വകുപ്പ് മഴ സാധ്യത മുന്നറിയിപ്പായ റെഡ്, ഓറഞ്ച് അലെർട്ടുകൾ പ്രഖ്യാപിച്ചാൽ ദുരന്ത നിവാരണ അതോറിറ്റിയുടെ സൈറണുകൾ മുഴങ്ങും. ലൊക്കേഷൻ ബേസ്ഡ് SMS, സാമൂഹിക മാധ്യമ ശ്രിംഖലകൾ, സാചേത് മൊബൈൽ ആപ്ലിക്കേഷൻ എന്നിവക്ക് പുറമെയാണ് സൈറണുകൾ വഴിയും മുന്നറിയിപ്പുകൾ ജനങ്ങൾക്കായി നൽകുന്നത്. മഴയോടൊപ്പം ലഭിക്കുന്ന ശക്തമായ കാറ്റ് അപകടം വിതക്കുന്നു. കാറ്റിൽ മരങ്ങൾ കടപുഴകി വീണും പോസ്റ്റുകൾ തകർന്നു വീണും ഉണ്ടാകാനിടയുള്ള അപകടങ്ങളെയും ശ്രദ്ധിക്കേണ്ടതാണ്. സ്വകാര്യ - പൊതു ഇടങ്ങളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ/പോസ്റ്റുകൾ/ബോർഡുകൾ, മതിലുകൾ തുടങ്ങിയവ സുരക്ഷിതമാക്കേണ്ടതും മരങ്ങൾ കോതി ഒതുക്കുകയും ചെയ്യേണ്ടതാണ്. അപകടാവസ്ഥകൾ അധികൃതരുടെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്. ജലാശയങ്ങളോട് ചേർന്ന റോഡുകളിലൂടെയുള്ള യാത്രകളിൽ പ്രത്യേക ജാഗ്രത പാലിക്കുക. അറ്റകുറ്റ പണികൾ നടക്കുന്ന റോഡുകളിലും ജാഗ്രത പാലിക്കുക. അതിശക്തമായ മഴയുണ്ടാകുന്ന സാഹചര്യത്തിൽ റോഡപകടങ്ങൾ വർദ്ധിക്കാൻ സാധ്യത മുന്നിൽ കാണണം. ജലാശയങ്ങൾ കരകവിഞ്ഞു ഒഴുകുന്നയിടങ്ങളിൽ വാഹനം ഓടിക്കാൻ ശ്രമിക്കരുത്.

പൊതുജനതാല്പര്യാർത്ഥം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.

**സ്ക്രിപ്റ്റ് 10**

ദുരന്ത സാധ്യത മുന്നറിയിപ്പുകൾ പൊതുജനങ്ങളിലേക്ക് വേഗത്തിലും കാര്യക്ഷമമായും എത്തിക്കുന്നതിനായി കേരളത്തിലുടനീളം 126 സൈറണുകളും സ്ട്രോബ് ലൈറ്റുകളും സ്ഥാപിച്ചിരിക്കുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കവചം സംവിധാനത്തിൻറെ ഭാഗമായി സ്ഥാപിച്ച സൈറണുകളിലൂടെ മഴ മുന്നറിയിപ്പുകൾ, മറ്റ്

അടിയന്തര നിർദേശങ്ങൾ എന്നിവ ജനങ്ങൾക്ക് കൈമാറും. VPN വഴി ബന്ധിതമായ കൺട്രോൾ റൂമുകൾ, ജിയോഡാറ്റ ബേസ്, ഡിസിഷൻ സപ്പോർട്ട് സിസ്റ്റം, ആശയവിനിമയോപാധികൾ എന്നിവ കവചത്തിന്റെ ഭാഗമാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന എമെർജൻസി ഓപ്പറേഷൻസ് സെന്ററുകൾ സജ്ജമാണ്. ദുരന്ത സാധ്യതകൾ മുന്നിൽ കണ്ടാൽ അറിയിക്കുന്നതിനും സഹായങ്ങൾ അഭ്യര്ഥിക്കുന്നതിനുമായി 1077, 1070, 112 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

പൊതുജനതാല്പര്യാർത്ഥം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.

**സ്ക്രിപ്റ്റ് 11 - (Lightning and Animal)**

ഇടിമിന്നൽ സീസണുകളിൽ വളർത്തു മൃഗങ്ങളെ തുറസായ സ്ഥലത്ത് മേയാൻ വിടുന്നതും കെട്ടിയിടുന്നതും പരമാവധി ഒഴിവാക്കാൻ ശ്രമിക്കുക. മൃഗങ്ങളെ മരച്ചുവട്ടിൽ കെട്ടിയിടാതെയിരിക്കുക. താഴ്ന്ന പ്രദേശങ്ങളിൽ മേയാൻ വിടാനും സുരക്ഷിതമായ ഷെൽറ്ററുകളിൽ തന്നെ നിർത്താനും ശ്രദ്ധിക്കുക. ഇടിമിന്നലുള്ള സമയത്ത് ജലാശയങ്ങളിൽ ഇറക്കാതെയും നോക്കണം. കാർമേഘം കണ്ട് തുടങ്ങുമ്പോൾ വളർത്തുമൃഗങ്ങളെ അഴിച്ച് സുരക്ഷിതമായി മാറ്റി കെട്ടുവാൻ പോകാതിരിക്കാനും ശ്രദ്ധിക്കണം. അത് നിങ്ങൾക്ക് ഇടിമിന്നലേൽക്കാൻ കാരണമായേക്കാം. മൃഗങ്ങൾക്ക് മിന്നലേറ്റാൽ ഉടനെ പ്രഥമ ശുശ്രൂഷ നൽകുകയും അടുത്തുള്ള മൃഗാശുപത്രിയിൽ എത്തിക്കുകയും ചെയ്യുക. ഇടിമിന്നലേറ്റ് പരിക്കേൽക്കുകയോ മരണം സംഭവിക്കുകയോ കൃഷിനാശം, കന്നുകാലികൾക്ക് ജീവഹാനി തുടങ്ങിയ നാശനഷ്ടങ്ങൾ സംഭവിക്കുകയോ ചെയ്താൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

പൊതുജനതാല്പര്യാർത്ഥം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.




VISUAL MEDIA




പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക.


ശാരീരിക അസ്വസ്ഥതകൾ അനുഭവപ്പെട്ടാൽ
ഉടൻ തണലിൽ വിശ്രമിക്കുകയും വൈദ്യസഹായം തേടുകയും ചെയ്യുക